"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ 8,16,000/- രൂപ, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.1250/2025/LSGD തീയതി,തിരുവനന്തപുരം, 22-05-2025

---

പരാമർശം:- 1. 19.02.2024 -ലെ സ.ഉ.(സാധാ)405/2024/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

2. 26/03/2025 ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/41670/2024-DPLC2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി, വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകൾ തമിഴ്നാട് അതിർത്തിയോട് ചേർന്നു കിടക്കുന്നതിനാലും, കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ കണക്ഷൻ ഇല്ലാത്ത പ്രദേശമായതിനാലും ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃ സമിതികൾ മുഖേന പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾ വേനലിൽ വറ്റി വരണ്ടു പോകുന്ന അവസ്ഥ ഉണ്ടായതിനാൽ ജി.പി.എസ്. ഘടിപ്പിച്ച ടാങ്കറിൽ 17-03-2024 മുതൽ 16-05-2024 വരെ കുടിവെള്ളവിതരണം നടത്തുകയും അതിലേക്ക് 26,16,000/- രൂപ ചെലവാകുകയും ചെയ്തു. പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 17-03-2024 മുതൽ 30-03-2024 വരെ കുടിവെള്ളവിതരണം നടത്തിയ വകയിൽ ചെലവായ 6 ലക്ഷം രൂപയും 01-04-2024 മുതൽ 03-05-2024 വരെ കുടിവെള്ളവിതരണം നടത്തിയതിന് ചെലവായ 12 ലക്ഷം രൂപയും കരാറുക്കാരന് നൽകിയിട്ടുണ്ട്. എന്നാൽ തുടർന്ന് മഴ ലഭിക്കാത്ത സാഹചര്യം നിലനിന്നതിനാൽ 03-05-2024 മുതൽ 16-05-2024 വരെ കുടിവെള്ളവിതരണം നടത്തുകയും അതിലേക്ക് 8,16,000/- രൂപ അധികമായി ചെലവാകുകയും ചെയ്തു. പ്രസ്തുത തുക 2024-25 സാമ്പത്തിക

വർഷത്തിലെ തനതു ഫണ്ടിൽ നിന്നും ലഭ്യമാക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടുള്ള വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ അനുബന്ധരേഖകൾ സഹിതം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയ പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ 8,16,000/- രൂപ, ചിലവ് ആധികാരികത വണ്ടൻമേട് ഗ്രാമപഞ്ചായത് സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെയും, ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് വണ്ടൻമേട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SHEEJA R S**

ജോയിന്റ് സെക്രട്ടറി

പകർപ്പ്. -

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, വണ്ടൻമേട് ഗ്രാമ പഞ്ചായത്ത് , ഇടുക്കി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്1/ ആഡിറ്റ്2)കേരള, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 22-05-2025 15:29:54

സെക്ഷൻ ഓഫീസർ